# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 498

12.06.2012 ൽ മറുപടിയ്ക്ക്

## ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്റ്റ്

**ചോദ്യം**

ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. കെ. അച്ചുതൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. കെ.ശിവദാസൻ നായർ

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നതെന്നും വ്യക്തമാക്കുമോ?

(ബി) ഒരു പ്രദേശത്തിന്റെ സമഗ്രവികസനം സഹകരണ സംഘങ്ങളിലൂടെ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി). സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണിച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ്റൂം തുടങ്ങിയവ) മെച്ചപ്പെടുത്തുന്നതിനും, കാർഷികവും അനുബന്ധ മേഖലകളിലുമുള്ള ഉൽപാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും, നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും, സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവയുടെ മാനവ വിഭവശേഷി വികസനത്തിനുള്ള പരിശീലനം, നൽകുക എന്നിവയാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്റ്റ്, ദേശീയ സഹകരണ വികസന കോർപ്പറേഷനും

(എൻ.സി.ഡി.സി) സംസ്ഥാന സർക്കാരും സംയുക്തമായിട്ടാണ് നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ